**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4928** | **14-03-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി-മട്ടന്നൂർ എയർപോർട്ട് നാലുവരിപ്പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച മൂന്ന് നാലുവരിപ്പാതകളുടെ സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | മട്ടന്നൂർ നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിലേക്കുള്ള താഴെ പറയുന്ന റോഡുകൾക്കാണ്. കെ.ആർ.എഫ്.ബി - പി.എം.യു മുഖേന നാലുവരി പാതയായി വികസിപ്പിക്കുന്നതിനു 30/12/2017-ൽ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളത്.<br><br>1) തലശ്ശേരി കൊടുവള്ളി - അഞ്ചരക്കണ്ടി മട്ടന്നൂർ - എയർപോർട്ട് റോഡ്<br><br>2) പെരിങ്ങത്തൂർ പാനൂർ കൂത്തുപറമ്പ് - മട്ടന്നൂർ - എയർപോർട്ട് റോഡ്<br><br>3) ബോയ്സ് ടൗൺ പേരാവൂർ ശിവപുരം മട്ടന്നൂർ - എയർപോർട്ട് റോഡ്<br><br>**റോഡ് 1- തലശ്ശേരി കൊടുവള്ളി - അഞ്ചരക്കണ്ടി മട്ടന്നൂർ - എയർപോർട്ട് റോഡ്**<br><br>പ്രസ്തുത റോഡ് തലശ്ശേരി, ധർമ്മടം, മട്ടന്നൂർ എന്നീ മണ്ഡലങ്ങളിലൂടെ 22കിലോമീറ്റർ ദൂരത്തിൽ കടന്ന് പോകുന്നു. പ്രസ്തുത റോഡിന്റെ ഡി.പി.ആർ 23/07/2020-ൽ കിഫ്ബിയിൽ സമർപ്പിക്കുകയുണ്ടായി പ്രസ്തുത ഡി.പി.ആർ പ്രകാരം പദ്ധതി തുക 962 കോടി രൂപ ആണ്. ഇതിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള 423.72 കോടി രൂപ ഉൾപ്പെടുന്നുണ്ട്. പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനായി 40.62 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന്റെ പ്രാരംഭ നടപടിയായ 6(1) നോട്ടിഫിക്കേഷൻ 12.04.2021-ൽ പ്രസിദ്ധീകരിച്ചു. തുടർന്നു സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള അർത്ഥന പത്രം ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്.<br><br>**റോഡ് 2-പെരിങ്ങത്തൂർ പാനൂർ കൂത്തുപറമ്പ-മട്ടന്നൂർ-എയർപോർട്ട് റോഡ്** |

| | | | |
|---|---|---|---|
| | | | കണ്ണൂർ ജില്ലയിലെ പെരിങ്ങത്തൂർ മുതൽ മട്ടന്നൂർ വരെ 29.80 കി.മീ ഭാഗത്തിന്റെ ഡി.പി.ആർ 24/05/2022-ൽ കിഫ്ബിയിൽ സമർപ്പിച്ചു. പ്രസ്തുത ഡി.പി.ആർ പ്രകാരം പദ്ധതി തുക 1009.98 കോടി രൂപ ആണ്. ഇതിൽ സ്ഥലം ഏറ്റെടുക്കുന്നതിനായി 591.03 കോടി രൂപ ഉൾപ്പെടുന്നുണ്ട്. പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനായി 45.53 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള അർത്ഥന പത്രം കണ്ണൂർ ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്.<br><br>**റോഡ് 3- ബോയ്സ് ടൗൺ പേരാവൂർ ശിവപുരം മട്ടന്നൂർ - എയർപോർട്ട് റോഡ്**<br><br>അമ്പായത്തോട് മുതൽ മട്ടന്നൂർ വരെയുള്ള 43.40 കി.മീ ഭാഗത്തിന്റെ ഡി.പി.ആർ 08/06/2022-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ പ്രകാരം പദ്ധതി തുക 1699.37 കോടി രൂപ ആണ്. ഇതിൽ സ്ഥലം എറ്റെടുക്കുന്നതിനായി 793.2 കോടി രൂപ ഉൾപ്പെടുന്നുണ്ട്. പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനായി 90.60 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള അർത്ഥനാ പത്രം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | കുറ്റ്യാടി-മട്ടന്നൂർ എയർപോർട്ട് നാലുവരിപ്പാതയുടെ അന്തിമ അലൈൻമെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (ബി) | കുറ്റ്യാടി- മട്ടന്നൂർ എയർപോർട്ട് നാലുവരി പാതയിൽ കണ്ണൂർ ജില്ലയിലെ പെരിങ്ങത്തൂർ മുതൽ മട്ടന്നൂർ വരെയുള്ള ഭാഗത്തെ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഈ റോഡ 24 മീറ്റർ റൈറ്റ് ഓഫ് വേ യിൽ 1.50 മീറ്റർ വീതിയുള്ള സെന്റർ മീഡിയന് ഇരുവശത്തായ് 7.50 മീറ്റർ കാരിയേജ് വേ, 1.50 മീറ്റർ പേവ്ഡ് ഷോൾഡർ, 2.25 മീറ്റർ വീതിയുള്ള ഫുട്പാത് കം ഡ്രെയിൻ എന്നിങ്ങനെ റോഡ് നാലു വരിയായി ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മുതൽ പെരിങ്ങത്തൂർ വരെയുള്ള ഭാഗത്തെ അലൈൻമെന്റിന് അന്തിമ തീരുമാനം ആയിട്ടില്ല. |
| (സി) | പ്രസ്തുത പാതകളുടെ നിർമ്മാണത്തിന് വേണ്ടി വാസസ്ഥലവും സ്ഥാപനങ്ങളും നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; | (സി) | 2013-ലെ സ്ഥലം ഏറ്റെടുക്കൽ നിയമം (The right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013) നിഷ്കർഷിക്കുന്ന പ്രകാരം നഷ്ടപരിഹാര തുക കണക്കാക്കി വിതരണം ചെയ്യുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പാതകൾക്കായി സ്ഥലം വിട്ടുനിൽക്കുന്നവർക്കുള്ള നഷ്ടപരിഹാരത്തുക നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ? | (ഡി) | 2013-ലെ സ്ഥലം ഏറ്റെടുക്കൽ നിയമം (The right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013) നിഷ്കർഷിക്കുന്ന പ്രകാരം നഷ്ടപരിഹാര തുക കണക്കാക്കി വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ